**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.432 — 10.06.2014 ൽ മറുപടിയ്ക്ക്

**സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ | | ശ്രീ.ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച് സർക്കാർ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം ഇടയ്ക്കിടെ വിലയിരുത്തി വരുന്നു. ഏറ്റവുമൊടുവിൽ 07.05.2014, 12.05.2014 തീയതികളിൽ ഊർജ്ജ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിരുന്നു. |
| (ബി) | ഈ വർഷം സർക്കാരിന് ലഭിച്ച എത്ര പരാതികളിന്മേൽ ബോർഡ് സമയബന്ധിതമായി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്; വിശദമാക്കുമോ; | (ബി) | ഈ വർഷം ലഭിച്ച 96 പരാതികളിൽ 30 പരാതികൾക്ക് റിപ്പോർട്ട് ബോർഡ് ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | ഇത്തരം റിപ്പോർട്ടുകൾ സംബന്ധിച്ച് നിലവിൽ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | ഉണ്ടെങ്കിൽ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ഡി) | ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കമ്പ്യൂട്ടർവൽക്കരണ നടപടികൾ കൈക്കൊണ്ടു വരുന്നു. ആദ്യപടിയായി ഓൺലൈനിൽ അപേക്ഷ സ്വീകരിക്കുന്നതിനും അനുമതി നൽകുന്നതിനുമുള്ള നടപടികളുടെ ഉത്ഘാടനം 05.06.2014-ൽ നടന്നു. നിയമവ്യവസ്ഥകളുടെ ലംഘനം സംബന്ധിച്ചുള്ള പരാതികളിന്മേലുള്ള റിപ്പോർട്ട്, നടപടി സ്വീകരിക്കൽ എന്നിവ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ